25 (1616) വികസനപ്രവർത്തനങ്ങളുടെ കണക്ക്

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണഫണ്ട് ഉപയോഗിച്ച് നടത്തിയ വികസന പ്രവർത്തനങ്ങളുടെ കണക്ക് എടുക്കുന്നതിന് സംസ്ഥാന പ്ലാനിംഗ് ബോർഡ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ഉല്പാദനം, സേവന മേഖലകളിലെ കണക്കുകൾകൂടി വ്യക്ത മാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഈ കണക്കുകൾ എന്നത്തേക്ക് വ്യക്തമാക്കാൻ കഴിയുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. ഓരോ വാർഷികപദ്ധതിയുടെയും വർഷാന്ത്യ കണക്ക് തൊട്ടടുത്ത വാർഷിക പദ്ധതി അംഗീകാരത്തിന് നൽകുന്നതോടൊപ്പം ലഭ്യമാ ക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) ഉല്പാദനം, സേവനം, പഞ്ചായത്തലമേഖലകളിൽ നിർവഹണം നടത്തിയ പ്രോജക്ടുകളുടെ പദ്ധതി ചെലവ് പ്രത്യേകം ശേഖരിച്ചു വരുന്നുണ്ട്.

(സി) 1997-98, 98-99 വർഷങ്ങളിലെ കണക്ക് താമസിയാതെ പൂർത്തി യാക്കുന്നതാണ്.

26 (1619) അന്തർ സംസ്ഥാന വാഹനമോഷണം

ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. എളമരം കരീം :
ശ്രീ. ടി.കെ. നൗഷാദ് :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീ. എ. അലിഹസ്സൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അന്തർ സംസ്ഥാനവാഹന മോഷണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നത് ശ്രദ്ധയിൽപ്പെട്ടുവോ;

(ബി) എങ്കിൽ സംസ്ഥാനത്ത് നടന്നുവരുന്ന വാഹനമോഷണം ഫല പ്രദമായി തടയുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങ ളിൽ നടന്നിട്ടുള്ള ഒട്ടേറെ വാഹനമോഷണസംഘങ്ങളുമായി ബന്ധമുള്ളവ രാണ് സംസ്ഥാനത്ത് വാഹനമോഷണം നടത്തുന്നതെന്ന് ശ്രദ്ധയിൽപ്പെ ട്ടുവോ;

(ഡി) അന്തർസംസ്ഥാനവാഹനമോഷണവുമായി ബന്ധപ്പെട്ട കേസ്സു കൾ നിലവിലുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) ഇത്തരം കേസ്സുകളിൽ അന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് അവാർഡുകൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശമുണ്ടോ; എങ്കിൽ ഇതിനായി എന്തൊക്കെ നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ സർക്കാർ വന്നശേഷം സംസ്ഥാനത്ത് ഇതുവരെ നടന്ന വാഹനമോഷണകേസ്സുകളുടെ അന്വേഷണപുരോഗതി ഇപ്പോൾ ഏതു ഘട്ടത്തിലെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) വാഹന പരിശോധന നടത്തുന്നതിനും മോട്ടോർ വാഹനങ്ങൾ പാർക്ക്ചെയ്യുന്ന സ്ഥലങ്ങളിൽ പ്രത്യേക നിരീക്ഷണം നടത്തുന്നതിനും പോലീസിനെ നിയോഗിച്ചിട്ടുണ്ട്. വാഹന മോഷണങ്ങൾ തടയുന്നതിനായി ഹൈവേ പട്രോൾ, പാന്തർ പട്രോൾ, ഫ്ളൈയിംഗ്, സ്കാഡ് എന്നിവയുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. ചില കേസ്സുകളിൽ അന്വേഷണത്തിന് ക്രൈംബ്രാഞ്ച് വിഭാഗത്തിന്റെ സേവനവും ലഭ്യമാക്കാറുണ്ട്.

(സി) ചില കേസ്സുകളിൽ പ്രതികൾക്ക് മറ്റു സംസ്ഥാനങ്ങളിലെ വാഹനമോഷണ കേസ്സുകളുമായി ബന്ധമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്. വിശദാംശങ്ങൾ അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ഇ) സ്തുത്യർഹമായി കേസന്വേഷണം നടത്തുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് ഉചിതമായി പാരിതോഷികങ്ങൾ നൽകിവരുന്നുണ്ട്.

(എഫ്) 798 കേസ്സുകൾ കോടതിയിൽ വിചാരണയിലാണ്. 940 കേസ്സുകൾ അന്വേഷണാവസ്ഥയിലാണ്. 104 കേസ്സുകളിൽ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുണ്ട്. 42 കേസ്സുകളിൽ പ്രതികളെ ശിക്ഷിച്ചിട്ടുള്ളതും 31 കേസ്സുകളിലെ പ്രതികളെ കോടതി വെറുതെ വിട്ടിട്ടുള്ളതും 1489 കേസ്സുകൾ യു.ഡി ആയി തെളിയേണ്ടും പട്ടികയിൽ ചേർത്ത് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

27 (1620) രാജീവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്ഥാപനങ്ങൾ സർക്കാരിന്റെ അനുമതിയില്ലാതെ വാഹനങ്ങൾ വാങ്ങുന്നത് നിരോധിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ രാജിവ്ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിൽ വാഹനങ്ങൾ വാങ്ങാൻ ഓർഡർ നൽകിയത് സർക്കാരിന്റെ അനുമതിയോടുകൂടിയാണോ;

(സി) ഈ സ്ഥാപനത്തിൽ എക്സിക്യൂട്ടീവ് കമ്മിറ്റിയോ, ഗവേണിംഗ് ബോഡി ചെയർമാനോ അറിയാതെ കെട്ടിട നിർമ്മാണം നടക്കുന്നുണ്ടോ; എങ്കിൽ ഇതു തടയാൻ നടപടി സ്വീകരിക്കുമോ;

(ഡി) സ്ഥാപനത്തിനാവശ്യമായ ഉപകരണങ്ങളും കെമിക്കൽസും വാങ്ങാൻ അനുമതി നൽകാനുള്ള അധികാരം ആർക്കെന്നു വ്യക്തമാക്കുമോ;

---

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly